# പതിനഞ്ചാം കേരള നിയമസഭ

# പതിനാലാം സമ്മേളനം

2025 സെപ്റ്റംബർ 18, വ്യാഴം

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി**

**വനം-വന്യജീവി വകുപ്പ് മന്ത്രി**

**ജലവിഭവ വകുപ്പ് മന്ത്രി**

**ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി**

**<u>പട്ടികജാതി നഗറുകളുടെ സമഗ്ര വികസനം</u>**

*61 **ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ എം മുകേഷ്**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി നഗറുകളുടെ സമഗ്ര വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ;

(ബി) പതിനഞ്ചിൽ താഴെ മാത്രം കുടുംബങ്ങൾ താമസിക്കുന്ന നഗറുകളുടെ അടിസ്ഥാനസൗകര്യ വികസനം അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) എന്തെല്ലാം അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

**<u>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സുവർണ്ണ ജൂബിലി</u>**

*62 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രവർത്തനം പട്ടികവർഗ്ഗ വിഭാഗത്തിന്റെ സർവതോന്മുഖമായ വികസനത്തിന്

സഹായകരമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആധുനിക കാലത്തിന്റെയും പുത്തൻ സാങ്കേതികവിദ്യയുടെയും വെല്ലുവിളികളെ ഏറ്റെടുത്തുകൊണ്ട് കരുത്തുറ്റ സമൂഹമായി പട്ടികവർഗ്ഗ യുവജനതയെ മാറ്റുന്നതിന് വകുപ്പിന്റെ ചിട്ടയായ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വിവിധ പദ്ധതികളുടെ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം സമയബന്ധിതമായി ലഭിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആധുനികവൽക്കരണം സഹായകമായിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭാവി ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**<u>ജൽ ജീവൻ പദ്ധതി</u>**

*63 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ ഗ്രാമീണ വീടുകളിലും കുടിവെള്ളമെത്തിക്കാനുള്ള ജൽ ജീവൻ പദ്ധതിയിൽ ഇതിനോടകം എത്ര ശതമാനത്തോളം പണി പൂർത്തിയാക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്രം അനുവദിച്ച തുക സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിമൂലം ഉപയോഗപ്പെടുത്താൻ കഴിയാത്ത അവസ്ഥ ഉണ്ടായിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ കരാറുകാർക്ക് കുടിശിക നൽകാനുള്ളത് പദ്ധതിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; കരാറുകാർക്ക് നൽകാനുള്ള കുടിശികത്തുക കണക്കാക്കിയിട്ടുണ്ടോയെന്നും ഇത് എന്നത്തേക്ക് നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

**<u>ഇടമലക്കുടിയിൽ വീട്ടമ്മയെ ചുമന്ന് ആശുപത്രിയിലെത്തിച്ച സംഭവം</u>**

*64 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ആര്യാടൻ ഷൗക്കത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലക്കുടിയിൽ തിരുവോണനാളിൽ പനി ബാധിച്ച് അവശനിലയിലായ വീട്ടമ്മയെ കിലോമീറ്ററുകൾ ചുമന്ന് ആശുപത്രിയിലെത്തിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇടമലക്കുടിയിലെ കൂടലാർകുടി സ്വദേശികളായ ദമ്പതിമാരുടെ മകൻ പനി ബാധിച്ച് ചികിത്സ കിട്ടാതെ മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇടമലക്കുടിയിൽ ദിവസങ്ങൾക്കുള്ളിൽ തന്നെ പ്രസ്തുത സംഭവങ്ങൾ ആവർത്തിച്ചുണ്ടായത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>പട്ടികവർഗ്ഗക്കാർക്ക് ഭൂമി</u>**

*65 **ശ്രീ. എ. പ്രഭാകരൻ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ ഒൻപത് വർഷങ്ങൾക്കിടയിൽ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് എത്ര ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ;

(സി) ഈ കാലയളവിൽ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് എത്ര ഏക്കർ ഭൂമിക്ക് വനാവകാശ പട്ടയം ലഭിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണെങ്കിൽ നൽകാമോ?

**<u>ജൽ ജീവൻ മിഷന്റെ പുരോഗതി</u>**

*66 **ശ്രീമതി ഉമ തോമസ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ നടപ്പാക്കുന്നതിന്റെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിൽ ഏറ്റവും പുറകിലാണ് സംസ്ഥാനത്തിന്റെ സ്ഥാനം എന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ;

(സി) പദ്ധതി പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിടുന്നതിനുള്ള കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി എന്നേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**<u>ന്യൂനപക്ഷങ്ങളുടെ ക്ഷേമവും വികസനവും</u>**

*67 **ശ്രീ. ആന്റണി ജോൺ**
**ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനും വികസനത്തിനുമായി സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാൻ പുതുതായി മേഖലാ ഓഫീസുകളും ജില്ലാ ഓഫീസുകളും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രസ്തുത കമ്മീഷൻ നടത്തിവരുന്ന വായ്പാ പദ്ധതികൾ സംബന്ധിച്ച് വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപയുടെ ഏതെല്ലാം വായ്പാപദ്ധതികളാണ് നടപ്പാക്കിയതെന്ന് അറിയിക്കാമോ;

(ഇ) ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ നടത്തിവരുന്ന വായ്പാ പദ്ധതികൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും സുതാര്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

**ആദിവാസി മേഖലയിലെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

*68 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി കെ. കെ. രമ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിൽ താമസിക്കുന്നവരുടെ അടിയന്തര ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പട്ടിക വർഗ്ഗ വികസന വകുപ്പ് മുഖേന ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇടുക്കി ഇടമലക്കുടിയിൽ പനിപിടിച്ച് അവശനായതിനെ തുടർന്ന് 10 കിലോമീറ്റർ ചുമന്ന് ആശുപത്രിയിലെത്തിച്ച കുഞ്ഞ് മരിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇടമലക്കുടി അടക്കമുള്ള ആദിവാസി മേഖലകളിൽ താമസിക്കുന്നവരുടെ അടിയന്തര ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

**സ്വീവേജ് ആന്റ് സെപ്റ്റേജ് മാനേജ്മെന്റ് പദ്ധതികൾ**

*69 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ**
**ശ്രീ വി ജോയി**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ഡോ. സുജിത് വിജയൻപിള്ള** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരങ്ങളിലെയും വെള്ളക്കെട്ടുകളാൽ ചുറ്റപ്പെട്ട ജനസാന്ദ്രതയുള്ള ചതുപ്പ് പ്രദേശങ്ങളിലേയും ജലാശയങ്ങളിൽ കക്കൂസ് മാലിന്യം വൻ തോതിൽ കലരുന്നതിനാൽ കോളിഫോം ബാക്ടീരിയയുടെ അളവ് ജലത്തിൽ ക്രമാതീതമായി

അധികരിച്ച് വിവിധ പകർച്ചവ്യാധികൾക്ക് കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കക്കൂസ് മാലിന്യം, വ്യവസായശാലകളിൽ നിന്നും ഒഴുക്കിവിടുന്ന രാസമാലിന്യങ്ങൾ, കാർഷികമേഖലയിൽ നിന്നും എത്തിപ്പെടുന്ന കീടനാശിനികൾ മുതലായവ പൊതു ജലസ്രോതസുകളെ മലിനമാക്കുന്നത് ഫലപ്രദമായി തടയുന്നതിന് നിലവിലെ നിയമങ്ങൾ പര്യാപ്തമാണോയെന്ന് പരിശോധിക്കുമോ; വ്യക്തമാക്കാമോ;

(സി) പുതുതായി സ്വീവേജ് ആന്റ് സെപ്റ്റേജ് മാനേജ്മെന്റ് പദ്ധതികൾ ആവിഷ്കരിച്ച് ഘട്ടംഘട്ടമായി നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ചെറുതും വലുതുമായ ജലാശയങ്ങൾ മാലിന്യമുക്തമാക്കുന്നതിനായി പ്രത്യേക ജനകീയ പദ്ധതികൾക്ക് രൂപം നൽകുമോ; വിശദമാക്കാമോ?

## <u>പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശപഠന സഹായം</u>

*70 **ശ്രീ. പി.പി. സുമോദ്**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ. എം.വിജിൻ**
**ശ്രീമതി ഒ എസ് അംബിക** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഒൻപത് വർഷത്തിനിടെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദേശപഠനത്തിനായി അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാണോ; എങ്കിൽ നൽകാമോ;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ വിദേശ പഠനത്തിനുള്ള സഹായം ഏത് സർക്കാർ ഏജൻസി മുഖേനയാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഏജൻസി വന്നതിനു ശേഷം എത്ര വിദ്യാർത്ഥികൾക്ക് എത്ര കോടി രൂപ വിദേശ പഠനസഹായമായി നൽകിയിട്ടുണ്ടെന്ന വിവരം ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ?

## <u>ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്</u>

*71 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. എച്ച്. സലാം**
**ശ്രീ എം നൗഷാദ്**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ ഗവേഷണ വിദ്യാർത്ഥികൾക്കുള്ള മൗലാന ആസാദ് നാഷണൽ ഫെലോഷിപ്പ് 2022-2023 സാമ്പത്തിക വർഷം മുതൽ കേന്ദ്ര സർക്കാർ നിർത്തലാക്കിയ സാഹചര്യത്തിൽ ന്യൂനപക്ഷ ഗവേഷണ വിദ്യാർത്ഥികൾക്കായി സർക്കാർ എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) 2024-25 വർഷം ന്യൂനപക്ഷ ക്ഷേമ വകുപ്പ് വിവിധ സ്കോളർഷിപ്പുകൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ട്; എത്ര കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭ്യമായിട്ടുണ്ട്; വ്യക്തമാക്കാമോ?

**<u>വന്യജീവി ആക്രമണം തടയാൻ കേന്ദ്ര സഹായം ലഭ്യമാക്കാൻ നടപടി</u>**

*72 **ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. യു. ആർ. പ്രദീപ്**
**ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിന് സംസ്ഥാനത്തിന് കൂടുതൽ അധികാരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി വകുപ്പ് മന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ടോ; എങ്കിൽ മറുപടി ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കത്തിലെ പ്രധാന ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) വന്യജീവി ആക്രമണങ്ങൾക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്ക് സംസ്ഥാനം സമർപ്പിച്ച 620 കോടിയുടെ പദ്ധതി നടപ്പിലാക്കുന്നതിനായി പ്രത്യേക സാമ്പത്തിക സഹായം അനുവദിക്കണമെന്ന ആവശ്യം കേന്ദ്രം അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**<u>ജൽ ജീവൻ മിഷന്റെ പൂർത്തീകരണം</u>**

*73 **ശ്രീമതി കെ. കെ. രമ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ പൂർത്തിയാക്കുന്നതിൽ കാലതാമസം നേരിടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പദ്ധതി പൂർത്തീകരണത്തിനുള്ള തുക എതുരീതിയിൽ കണ്ടെത്താനാണ് സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ജൽ ജീവൻ മിഷന്റെ പ്രവൃത്തി ഏറ്റെടുത്ത കരാറുകാർക്ക് നൽകാനുള്ള തുക കുടിശികയായിട്ടുണ്ടോ; വിശദമാക്കാമോ?

**<u>വനം കയ്യേറ്റം തടയാൻ നടപടി</u>**

*74 **ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. എം. എം. മണി**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം കയ്യേറ്റം തടയുന്നതിനായി ജണ്ട കെട്ടി അതിരുകൾ വേർതിരിക്കുന്ന പ്രവൃത്തിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ജണ്ടകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്; വിശദവിവരങ്ങൾ നൽകാമോ;

(സി) വനാതിർത്തി ഡിജിറ്റൈസ് ചെയ്യുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

**ജൽ ജീവൻ മിഷൻ പൂർത്തിയാക്കുന്നതിനുള്ള നടപടി**

*75 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ ഇ ചന്ദ്രശേഖരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ ഭവനങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിനു വേണ്ടി നടപ്പിലാക്കുന്ന ജൽ ജീവൻ മിഷന്റെ പൂർത്തീകരണത്തിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ജൽ ജീവൻ മിഷനുമായി ബന്ധപ്പെട്ട് പൈപ്പുകൾ സ്ഥാപിക്കാൻ സ്ഥലം ഏറ്റെടുക്കൽ തുടങ്ങിയ വിഷയങ്ങളിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പുതിയ കണക്ഷനുകൾ നൽകുമ്പോൾ ആവശ്യമായി വരുന്ന അധിക ജല സ്രോതസ്സുകൾ കണ്ടെത്തുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) പദ്ധതിയുടെ ഭാഗമായി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് തദ്ദേശ സ്വയംഭരണം, പൊതുമരാമത്ത്, ജലവിഭവം, റവന്യൂ എന്നീ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

**ഇടുക്കിയിലെ അനധികൃത മരംമുറി**

*76 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. നജീബ് കാന്തപുരം**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ ഉടമകൾക്ക് രാജകീയ മരങ്ങൾ വെട്ടാൻ അനുമതി നൽകിയ ഉത്തരവ് റദ്ദാക്കിയതിനു ശേഷം, അടിമാലി, നേര്യമംഗലം, മുള്ളരിങ്ങാട്, തൊടുപുഴ റേഞ്ചുകളിൽ നിന്ന് ഏകദേശം 30 ലക്ഷം രൂപ വിലമതിക്കുന്ന മരങ്ങൾ വെട്ടിമാറ്റിയതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഈ സംഭവത്തിൽ കുറ്റക്കാരായവരെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഇത് മൂലം സർക്കാരിനുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**റൂം ഫോർ റിവർ പദ്ധതി**

*77 **ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയം ഉണ്ടാകുന്നത് തടയുന്നതിനായി റൂം ഫോർ റിവർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇതിനായി പ്രത്യേക സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ പദ്ധതിക്കാവശ്യമായ തുക എപ്രകാരം സ്വരൂപിക്കാനാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**കാട്ടുപന്നികളെയും നാടൻ കുരങ്ങുകളെയും നിയന്ത്രിക്കുന്നതിന് നടപടി**

*78 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ ഡി കെ മുരളി**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനവാസ മേഖലകളിൽ മനുഷ്യജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന കാട്ടുപന്നികളെ ഉപാധികളോടെ ഇല്ലായ്മ ചെയ്യുന്നതിന് പഞ്ചായത്തുകളെ അധികാരപ്പെടുത്തിയതിന്റെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; ഇല്ലെങ്കിൽ കാലാവധി ദീർഘിപ്പിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ബി) കാട്ടുപന്നികളെ ഇല്ലായ്മ ചെയ്യുന്നതിന് പഞ്ചായത്തുകളെ അധികാരപ്പെടുത്തിയതിന് ശേഷം 2025 ജൂലൈ വരെ കാട്ടുപന്നികളെ ഇല്ലായ്മ ചെയ്തിട്ടുണ്ടോ; വിശദവിവരം നൽകാമോ;

(സി) സംസ്ഥാനത്ത് നാടൻ കുരങ്ങുകളെ നിയന്ത്രിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

**കടുവയുടെ ആക്രമണം തടയാൻ നടപടി**

*79 **ആര്യാടൻ ഷൗക്കത്ത്**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല സ്ഥലങ്ങളിലും കടുവ നാട്ടിലറിങ്ങി മനുഷ്യ ജീവനുകൾ ഉൾപ്പെടെ അപഹരിക്കുന്ന അതീവ ഗുരുതര സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) മലപ്പുറം കാളികാവ് അടയ്ക്കാക്കുണ്ടിൽ റബ്ബർ ടാപ്പിംഗ് തൊഴിലാളിയെ കടുവ ആക്രമിച്ച് കൊലപ്പെടുത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് കടുവയുടെ ആക്രമണം തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>**വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം**</u>

*80 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് നിലവിൽ എത്ര രൂപയാണ് നഷ്ടപരിഹാരമായി നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വന്യജീവി ആക്രമണത്തിൽ മരണമടയുന്നവരുടെ ആശ്രിതർക്ക് നൽകുന്ന നഷ്ടപരിഹാര തുക ഇരട്ടിയാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>**ന്യൂനപക്ഷ വിഭാഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി**</u>

*81 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നിർത്തലാക്കിയ പ്രീ മെട്രിക്ക് സ്കോളർഷിപ്പിന് പകരമായി സംസ്ഥാന സർക്കാർ പുതിയ സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) 2024-25 വർഷം എത്ര കുട്ടികൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ട്; ഈ സാമ്പത്തിക വർഷം എത്ര തുക അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) 2025-26 സാമ്പത്തിക വർഷം ന്യൂനപക്ഷ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി നടപ്പാക്കുന്ന സ്കോളർഷിപ്പ് പദ്ധതികൾ ഏതൊക്കെയെന്നും ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ?

<u>**ഹില്ലി അക്വാ കുപ്പിവെള്ളം**</u>

*82 **ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞ വിലയിൽ ശുദ്ധമായ കുപ്പിവെള്ളം ജനങ്ങൾക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ ജലവിഭവ വകുപ്പിന് കീഴിൽ ആരംഭിച്ച ഹില്ലി അക്വാ കുപ്പിവെള്ളത്തിന്റെ 2024-25 സാമ്പത്തിക വർഷത്തെ വിറ്റുവരവ് എത്രയാണെന്ന് വിശദമാക്കാമോ;

(ബി) ഹില്ലി അക്വാ കുപ്പിവെള്ളം കയറ്റുമതി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര ലിറ്റർ കുപ്പിവെള്ളം കയറ്റി അയച്ചിട്ടുണ്ടെന്ന വിവരം വ്യക്തമാക്കാമോ;

(സി) ഹില്ലി അക്വാ കുപ്പിവെള്ളത്തിന് സംസ്ഥാനത്ത് എത്ര വിതരണക്കാരുണ്ടെന്ന വിവരം ലഭ്യമാണോ; താലൂക്ക് അടിസ്ഥാനത്തിൽ ഇത് വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ?

**<u>മത ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ പദ്ധതി</u>**

*83 **ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. പി. മമ്മിക്കുട്ടി**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത ന്യൂനപക്ഷ വിഭാഗങ്ങളിലെ വിധവകൾക്കും വിവാഹമോചിതർക്കും വേണ്ടി പുതിയ സ്വയംതൊഴിൽ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്വയം തൊഴിൽ പദ്ധതികൾക്കായി എത്ര തുക നീക്കി വച്ചിട്ടുണ്ട്; വിശദാംശം നൽകാമോ;

(സി) ഈ പദ്ധതിയുടെ പ്രയോജനം കൂടുതൽ പേർക്ക് ലഭ്യമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**<u>പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ഗ്രാന്റുകൾ</u>**

*84 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ഗ്രാന്റുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഗ്രാന്റുകളിൽ കുടിശിക നൽകാനുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഗ്രാന്റുകൾ കൃത്യമായി ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെങ്കിലും സംവിധാനങ്ങളുണ്ടോ; ഇല്ലെങ്കിൽ അത്തരം സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ?

## പട്ടികജാതി, പട്ടികവർഗ്ഗ, മറ്റു പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് പൈലറ്റുമാരാകാൻ ധനസഹായം

*85 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീമതി ദെലീമ**
**ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി, പട്ടികവർഗ്ഗ, മറ്റു പിന്നാക്ക വിഭാഗങ്ങളിലെ എത്ര വിദ്യാർത്ഥികൾക്ക് പൈലറ്റ്മാരാകുന്നതിനുള്ള ഏവിയേഷൻ കോഴ്സ് പഠിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക നൽകിയിട്ടുണ്ടെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ;

(ബി) 2016 മുതൽ 2021 വരെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾക്ക് പ്രസ്തുത ഏവിയേഷൻ കോഴ്സ് പഠിക്കുവാൻ തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര തുകയാണ് അനുവദിച്ചതെന്നുമുള്ള കണക്ക് ലഭ്യമെങ്കിൽ നൽകാമോ;

(സി) 2011-2016 സർക്കാരിന്റെ കാലയളവിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് എത്ര തുക പ്രസ്തുത ഏവിയേഷൻ കോഴ്സ് പഠിക്കാൻ ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## ഭൂജലവകുപ്പിന്റെ പ്രവർത്തനങ്ങൾ

*86 **ശ്രീ. എൻ. കെ. അക്ബർ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തിൽ ഭൂജലവകുപ്പ് നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) 2025-26 സാമ്പത്തിക വർഷത്തിൽ ഭൂജലവകുപ്പ് ലക്ഷ്യമിടുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം തടയുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കുള്ള ചികിത്സാ ചെലവ്

*87 **ശ്രീ. റോജി എം. ജോൺ**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**

**ശ്രീ. സജീവ് ജോസഫ്**

**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്ക് സർക്കാർ ചികിത്സാ ചെലവ് അനുവദിക്കുന്നുണ്ടോ; എങ്കിൽ എന്തൊക്കെ വ്യവസ്ഥകൾക്ക് വിധേയമായാണ് ചികിത്സാ ചെലവ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവരുടെ ചികിത്സാ ചെലവ് പൂർണ്ണമായും ഏറ്റെടുക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി</u>**

*88 **ശ്രീ. എം. വിൻസെന്റ്**

**ശ്രീ. എ. പി. അനിൽ കുമാർ**

**ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിശദവിവരം അറിയിക്കാമോ?

**<u>പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് നടപ്പാക്കുന്ന പദ്ധതികൾ</u>**

*89 **ശ്രീ സി കെ ഹരീന്ദ്രൻ**

**ശ്രീ. ടി. പി .രാമകൃഷ്ണൻ**

**ശ്രീ. കെ.കെ. രാമചന്ദ്രൻ**

**ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് എന്തൊക്കെ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം കൂടുതൽ മെച്ചപ്പെടുത്താൻ സ്മാർട്ട് പഠനമുറി എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) നവകേരളത്തിന്റെ വികസന വഴികളിൽ പട്ടികവർഗ്ഗ വിഭാഗക്കാർ പിന്തള്ളപ്പെട്ട് പോകാതിരിക്കാൻ എന്തൊക്കെ പുതിയ പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## കാട്ടുതീ നിവാരണം

*90 **ശ്രീ. പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാട്ടുതീ നിവാരണത്തിനായി ഫയർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) കാട്ടുതീ തടയാനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഏതെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കാട്ടുതീ നിരീക്ഷണ/പ്രതിരോധ പ്രവർത്തനം നടത്തുന്നതിന് ഏതെല്ലാം തലത്തിലുള്ള ഉദ്യോഗസ്ഥരെയാണ് നിയോഗിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കാട്ടുതീ നിവാരണവുമായി ബന്ധപ്പെട്ട് ജൈവകവചം എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2025 സെപ്റ്റംബർ 10, ബുധൻ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].